സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## സെന്റ് ആന്റണീസ് ഹൈസ്കൂൾ

കുണിഞ്ഞി



# സ്കൂളിൽ പ്രവർത്തിക്കുന്ന അധ്യാപകർ

ശ്രീ. ഷിൻസ് ജോസഫ് (എച്ച്.എം.)

എച്ച്.എസ്.എ.

ശ്രീമതി. ജോസ്മി ജോസഫ് (ഫിസിക്കൽ സയൻസ്)

ശ്രീ. മോൻസൺ കുര്യാക്കോസ് (മലയാളം)

ശ്രീമതി. എലിസബത്ത് സെബാസ്റ്റ്യൻ (സോഷ്യൽ സയൻസ്)

ശ്രീ. ചിൻസ് ബെന്നി (കണക്ക്)

ശ്രീമതി. മെറിൻ സെബാൻ (ഇംഗ്ലീഷ്)

ശ്രീമതി. സബീന പി.ബി. (ഹിന്ദി)

യു.പി.എസ്.എ.

ശ്രീമതി. ജെയ്ൻ ഇമ്മാനുവൽ

ശ്രീ. ജോമിൻ ജോസ്

ശ്രീമതി സ്മിത സി. ജോൺ

എൽ.പി.എസ്.എ.

ശ്രീമതി. രഞ്ജു ബാബു

ശ്രീമതി. അബിറ്റ ട്രീസ ഷിബു

ശ്രീമതി. ദിവ്യ സി.എൽ.

ശ്രീമതി പ്രസീല എം.

നോൺ ടീച്ചിംഗ് സ്റ്റാഫ്

ശ്രീമതി മേരി ജോർജ്ജ്

നിമ്മി റോസ് ജോസ്

ശ്രീ. ജോബിൻ അഗസ്റ്റ്യൻ

## ആമുഖം

സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി 2025 ന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൊന്നായ അക്കാദമിക മാസ്റ്റർ പ്ലാനിൽ സ്കൂളിന്റെ വികസനത്തിനും വിജയത്തിനുമുതകുന്ന നിരവധി കർമ്മപരിപാടികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

1948 ആഗസ്റ്റ് 16-ാം തീയതി എൽ.പി. സ്കൂളായി ആരംഭിച്ച് 1955 ൽ മിഡിൽ സ്കൂളായും 1983 ൽ ഹൈസ്കൂളായും ഉയർത്തി. ഇവിടെ നിന്നും വിദ്യാഭ്യാസം നേടി ജീവിതത്തിന്റെ നാനാതുറകളിൽ എത്തിച്ചേർന്നിരിക്കുന്ന നിരവധി വ്യക്തികൾ സ്കൂളിന്റെ അഭിമാനമായി പരിലസിക്കുന്നു. 1 മുതൽ 10 വരെ ക്ലാസ്സുകളിലായി 69 വിദ്യാർത്ഥികളും 13 അധ്യാപകരും 3 അനദ്യാപകരും ഈ സ്കൂളിൽ സേവനം ചെയ്യുന്നു. എസ്.എസ്.എൽ,സി. പരീക്ഷയിൽ കഴിഞ്ഞ 17 വർഷങ്ങളിലായി 100% വിജയം സ്കൂളിന്റെ പ്രധാന അക്കാദമിക് നേട്ടമാണ്. 2024-25 അദ്ധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 9 കുട്ടികളിൽ 2 കുട്ടികൾക്ക് FUll A+ നേടിയത് ഈ വർഷത്തെ നേട്ടങ്ങളിലെ നാഴകക്കല്ലാണ്. സ്കൗട്ട് ആന്റ് ഗൈഡ്, ജെ.ആർ.സി. തുടങ്ങിയ പ്രസ്ഥാനങ്ങൾ കുട്ടികളുടെ പാഠ്യേതര മികവിനായി ഈ സ്കൂളിൽ പ്രവർത്തിക്കുന്നു. 2024-25 വർഷത്തിൽ ഉപജില്ലാ സ്കൂൾ കായികമേളയിൽ ഡിസ്കസ് ത്രോയിൽ 1st പ്രൈസ് കരസ്ഥമാക്കി. കലോത്സവത്തിൽ 60-ഓളം കുട്ടികൾ പങ്കെടുക്കുകയും വിവിധ ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു.

ഇത്രയും നേട്ടങ്ങൾക്കിടയിലും കുട്ടികളുടെ കുറവ് സ്കൂൾ നേരിടുന്ന ഒരു പ്രധാന പ്രതിസന്ധിയാണ്. യാത്രാസൗകര്യത്തിന്റെ അഭാവത്തെ തരണം ചെയ്തുവരുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.

### അവസ്ഥാവിശകലനം

1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി 69 വിദ്യാർത്ഥികളും 13 അധ്യാപകരും 3 അനധ്യാപകരും ഈ സ്കൂളിൽ സേവനം ചെയ്യുന്നു. 1 മുതൽ 10 വരെയുള്ള 10 ക്ലാസ്സ് മുറികളും ഒരു ഐ.ടി. ലാബും, ഒരു സയൻസ് ലാബും, ഒരു സ്മാർട്ട് റൂമും ഒരു ഓഡിറ്റോറിയവും നിലവിലുണ്ട്. കുട്ടികൾക്ക് കളിക്കാനായി ഒരു ഗ്രൗണ്ടും കൊച്ചു കുട്ടികൾക്ക് ഒഴിവു സമയം രസപ്രദമാക്കാനായി പാർക്കും സ്കുളിനോടനുബന്ധിച്ചുണ്ട്. ക്ലാസ്സ് മുറിയുടെ ചുറ്റുവട്ടത്ത് നിന്ന് മാറി പ്രകൃതി സൗന്ദര്യം അസ്വദിച്ച് കൂടുതൽ ഉൻമേഷത്തോടെ വായിക്കാനും, പഠിക്കാനുമുള്ള അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ ഓപ്പൺ ക്ലാസ്സ് റൂമും പ്രവർത്തിച്ചുവരുന്നു.

### വിഷൻ

ഓരോ വിദ്യാർത്ഥികളിലും അവൻ ഉൽപ്പെടുന്ന സമൂഹത്തിലും അവന്റെ ഏറ്റവും ഉയർന്ന കഴിവുകൾ പ്രകടിപ്പിക്കുക, പ്രചോദിപ്പിക്കുക, പിന്തുണക്കുക.

### മിഷൻ

പിഞ്ചോമനകളുടെ ഹൃദയമാകുന്ന ശിലകളിൽ ദൈവസ്നേഹവും പരസ്നേഹവുമാകുന്ന മൂല്യങ്ങൾ കൊത്തിവച്ചാൽ അവ നിത്യകാലം പ്രകാശം ചൊരിഞ്ഞ് നിലകൊണ്ടുകൊണ്ട് സെന്റ് ആന്റണീസ് ഹൈസ്കൂൾ ജ്ഞാനത്തിന്റെ കൃപ വിതറി വിരാചിക്കുന്നു.

# എൽ.പി. മലയാളം

**ആമുഖം**

1 കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നതി. കുട്ടിക ളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൈവരിക്കുന്ന തിന് ആവസ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുച്ച മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യ തമുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ അടിസ്ഥാന ഭാഷാശേഷി വികസനം | ❖ ഭാഷാകളരി കുട്ടികളിലും, പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങഴ് സംഘടിപ്പിക്കൽ<br>❖ അമ്മ പറയട്ടെ - അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>ജൂലൈ, ഡിസംബർ, ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി<br>മദർ പി.ടി.എ. | SMC<br>മദർ പി.ടി.എ. |
| ❖ ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള ലേഖനമികവ് | ❖ എഴുത്തും കുത്തും - ലഘുരചനയിലേക്ക് നയിക്കുന്ന രചനാക്യാമ്പുകൾ<br>❖ ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ | ക്ലബ്ബുകൾ<br>അധ്യാപകർ<br>പ്രമുഖ വ്യക്തികൾ | SRG |
| ❖ സർഗ്ഗാത്മകതയെ തട്ടിയുണർത്താം | ❖ രചനാശില്പശാല<br>കഥ, കവിത രചനകൾക്ക് വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | | |
| ❖ സാഹിത്യ പ്രതിഭകളെ അടുത്തറിയാം | ❖ കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>❖ പുസ്തക പ്രദർശനം | ജൂൺ<br>ഡിസംബർ | SRG | |
| ❖ വായനാ പരിപോഷണം | ❖ വായനാ കളരി | | ക്ലാസ്സ് ടീച്ചർ | SRG |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ❖ ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്ന തുവരെ | ക്ലബ്ബുകൾ | SMC |
| ❖ വായനാശേഷി വളർത്തൽ | ❖ ക്ലാസ്സ് വായനാക്കൂട്ടം, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ, പുസ്തകപരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ് | വർഷം മുഴുവൻ | | |
| ❖ എഴുത്ത് പരിപോഷിപ്പിക്കൽ | ❖ പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും | | | |
| ❖ അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | ❖ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം | ആവശ്യാനുസരണം | | |
| ❖ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ❖ വാചക കുറ്റിപ്പടങ്ങിയ പതിപ്പ് നിർമ്മാണം | വർഷത്തിലൊന്ന് | SRG | PTA |
| ❖ സാഹിത്യകാരന്മാരുടെ ജന്മചരമ ദിനാചരണങ്ങൾ അറിയൽ | ❖ ഓർമ്മദിനങ്ങൾ ആചരിക്കൽ<br>❖ ജീവിതരേഖ തയ്യാറാക്കൽ | ആവശ്യാനുസരണം | PTA | |
| ❖ പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ അറിയൽ | ❖ കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പരിചയപ്പെടൽ | വർഷത്തിലൊന്ന് | | |
| ❖ ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | ❖ കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | | | |

# LP ENGLISH

**Aim**

To develop proficient communicators who can effectively use English for various purposes.

To teach functional English to the learners and to polish their reading skills, writing skills and listening skills.

**Objective**

To enalde students to learn and comprephend the written and spoken from of English language.

To develop the ability in students to use English in day life and real life situation.

To make the students understand the written text of the subject that is being taught and make the students able to use skimming scanning skills.

**Skills**

Writing skills, Listening skills, Speaking skills and reading skills.

**Writing skills**

Giving importance to sentance making, paragraph writing and picture description, make word web, word chain. Sentance chain, notice preclmation, Diary, Letter, Announcement, magazines.

**Listening Skills**

Games, Action Songs, Hello English Activities, Conversations Skit, Stories etc.

**Speaking Skills**

Description, Growing Sentences, Pitcure description, Self Introduction, Assembly activities, Book review, Quiz, Riddles, School Radio.

**Reading Skills**

News paper reading, Library books reading, Book review Reading news. Find words-collect and read fost tense, Rhyming words, Describing words, Describing words etc.. text book activities.

**Duration**

June - March

**Duties**

Class Teacher, SRG, English Teacher, English Club

# എൽ.പി. പരിസരപഠനം

**ആമുഖം**

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പരീക്ഷണ നിരീ7ണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി, സ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമപൗരന്മാരാക്കി മാറ്റുക.

# എൽ.പി. – പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ ആഹാരശീലങ്ങളും ഭ7ണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ❖ ഭക്ഷ്യമേള – പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ – ജൂലൈ<br>ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ<br>SRG<br>SMC | SMC |
| ❖ പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | ❖ പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ<br>ജനുവരി | SRG<br>SMC | |
| ❖ ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ❖ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ<br>SRG<br>SMC | |
| ❖ പ്രകൃതിയെ അറിയാൻ | ❖ പ്രകൃതി നടത്തം | സെപ്റ്റംബർ<br>ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>SMC | |
| ❖ ശാസ്ത്രാവബോധം വളർത്തുക | ❖ കണ്ടെത്താം അറിയാം<br>ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| ❖ പ്രകൃതി വിഭവ സംരക്ഷണം | ❖ ജൈവ വൈവിധ്യ പാർക്ക് | ജൂലൈ<br>ഡിസംബർ | | |
| ❖ നിരീക്ഷണം – അറിവു നിർമ്മാണം | ❖ പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | | HM<br>CPPA | PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ❖ ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണഹ്ഹൾ സംഘടിപ്പിക്കൽ | വർഷം മുഴുവനും | HM, SRG ക്ലബ്ബുകൾ | PTA SSA |
| ❖ കേരളം- ഇന്ത്യ ഭൂപടവായന സൂചിക - പരിചയപ്പെടൽ | ❖ ഭൂപട വായന<br>ഭൂപട രചന | വർഷത്തിലൊന്ന് | SRG ക്ലബ്ബുകൾ | PTA |
| ❖ ശാസ്ത്രപഠനം രസകരമാക്കൽ | ❖ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പക്കൽ | ആവശ്യാനുസരണം | SRG ക്ലബ്ബുകൾ | PTA |
| ❖ ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ❖ പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണങ്ങൾ - ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM, SRG ക്ലബ്ബുകൾ | PTA |

# എൽ.പി. – ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ❖ ഗണിതപ്രവർത്തനങ്ങൾ കളികളിലൂടെ-ഗണിത ക്യാമ്പ് | ജൂൺ – മാർച്ച് | | |
| ❖ ഗണിത ചിന്താശേഷി വളർത്തൽ | ❖ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | | | |
| ❖ ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ❖ ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ഒക്ടോബർ | SRG<br>ക്ലാസ്സ് ടീച്ചർ | SSA<br>PTA |
| ❖ ഗണിതപഠനം രസകരമാക്കാൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | ❖ ഓറിഗാമി ശില്പശാല, രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി ടാൻഗ്രാം രൂപകൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ | SRG<br>ക്ലാസ്സ് ടീച്ചർ | |

# യുപി മലയാളം

**ലക്ഷ്യങ്ങൾ**

1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം - ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക
2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക.
3. സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ
4. മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മകശേഷി വളർത്തലും
5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ.

**പ്രവർത്തനങ്ങൾ**

**എന്റെ അവധിക്കാലം**

പഠിതാക്കൾ അവരവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.

**ഭാഷാകേളി**

അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം, എന്നിവ വളർത്തുന്നു.

**വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്**

അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം

**വാർത്താലോകത്തേക്ക്**

പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.

**വാർത്താവായന**

നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.

അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു.

**സംവാദം/ മുഖാമുഖം**

സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു.

**രംഗാവിഷ്ക്കാരം**

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ദ്ധരായ കലാകാരന്മാരെ പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാല നടത്തുന്നു.

# UP ENGLISH

## The Goal

To empower every Upper Primary Student with the confidence and competence to communicate effectively in English fostering a love for the language and preparing the for accademic and future success.

## Activities

To understand the level or children based on previous assessments and activities

Languaue development programs are planned under the leaderdship of English Club

## English Assemply

Children are given the opportunity to give English speech and poem recitation in the class assembly

Preparing English skits and dramas

Setting up the language Lab

Provide opportunities for listening speaking etc.

Organizing a talent development programme.

# യുപി ഗണിതം

**ലക്ഷ്യങ്ങൾ**

- ❖ ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതക്രിയകൾ ഉറപ്പിക്കുക.
- ❖ കലാകായിക പ്രവൃത്തി പഠനത്തെ ഗണിതവുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.
- ❖ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു,
- ❖ ഭൗതിക സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങളെ അപഗ്രഥിക്കുവാനും സമാനമായ പ്രായോഗിക പ്രശ്നങ്ങൾ രൂപീകരിക്കാനും ഉള്ളശേഷി ഉറപ്പാക്കുന്നു.
- ❖ ഐ.സി.റ്റി. സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു.
- ❖ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയാനും നിർമ്മിക്കാനും കഴിയുക.
- ❖ ജ്യാമിതീയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേണുകൾ നിർമ്മിക്കുന്നു.
- ❖ കുട്ടികൾ സ്വന്തമായി വർക്ക്ഷീറ്റുകൾ നിർമ്മിക്കുന്നു.
- ❖ നേടിയ അറിവുകൾ നൂതന സന്ദർഭത്തിൽ പ്രയോജനപ്പെടുത്തുന്നു.
- ❖ പ്രവർത്തന പദ്ധതികൾ
- ❖ ഗണിത ക്രിയകൾ ഉറപ്പിക്കുന്നതിനുവേണ്ടി വിവിധ കളികളും പമ്പിലുകളും ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ

- കലാകായിക പ്രവൃത്തി പഠനത്തെ ഗണിതവുമായി സംയോജിപ്പിക്കുന്നതിനുള്ള വിവിധ പാക്കേജുകൾ തയ്യാറാക്കുന്നു (ഉദാ. ഗണിത പൂക്കളം)
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനായി വിവിധ വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.
- ഭൗതിക സാഹചര്യങ്ങളുമായ ബന്ധപ്പെടുത്തി ഗണിത പ്രശ്നങ്ങളെ കുട്ടികൾക്ക് നൽകുകയും സമാനപ്രശ്നങ്ങളെ സ്വയം നിർമിക്കാൻ കുട്ടികൾക്ക് അവസരം നൽകുകയും ചെയ്യുന്നു.
- ജിയോളജി ബ്ര, മാത്സ്പാഡ് എന്നിവ ഉപയോഗപ്പെടുത്തുന്നു.
- രൂപങ്ങളുടെ നിർമ്മാണത്തിൽ നിന്നും വിവിധ പാറ്റേണുകൾ നിർമ്മിക്കുകയും ഗണിത പതിപ്പ് നിർമ്മിക്കുകയും ചെയ്യുന്നു.
- പാറ്റേണുകൾ പരിചയപ്പെടുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുന്നു.
- വിവിധ ഗണിതാശയവുമായി ബന്ധപ്പെട്ടവർക്ക് ഷീറ്റുകൾ നൽകുന്നു. അവ പൂർത്തീകരിക്കുന്നു. സ്വയം വിരമിക്കുന്നു.
- പ്രായോഗിക സന്ദർഭങ്ങളിൽ നേടിയ അറിവുകൾ പ്രയോജനപ്പെടുത്തുന്നു.

## യുപി ഹിന്ദി

**ലക്ഷ്യം**

1. 5, 6, 7 ക്ലാസ്സ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പിച്ചെടുക്കുക.
2. **ഹിന്ദി വായന**

   തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും
3. **ഹിന്ദി സംസാരം**

   ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുകണ്ടെത്തിയെടുക്കും.
4. യുപി തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വായിക്കാൻ സാധിപ്പിക്കും.

**പ്രവർത്തനങ്ങൾ**

- പുതിയപദങ്ങൾ, പദങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സി.ഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ.
- നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ വാക്കുകൾ വാക്യമുള്ളവ കാണിക്കും.
- ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും.

**വായനയ്ക്ക്**

- ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും, കുട്ടികൾ ശ്രദ്ധയോടെ ശരിയായി വായിക്കും.

**മത്സരവായന**

❖ തെറ്റാതെ ആവർത്തിക്കാതെ പാടില്ലാതെ കൂടുതൽ വായിക്കണം. വരി കൂടുതൽ വായിക്കണം, ആ കുട്ടിക്ക് സമ്മാനം നൽകുന്നു.

## യുപി സോഷ്യൽ സയൻസ്

**ലക്ഷ്യങ്ങൾ**

1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ.
2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.
3. ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക.
4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിാക്കളെ ബോധവാൻമാരാക്കുന്നു.
5. സഹജീവികലോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.
6. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെപ്പറ്റി
7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു.
8. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു.

**പ്രവർത്തനങ്ങൾ**

1. **അങ്കത്തട്ട്**

   കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് ഉചിതമായ പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു.

2. **ഓർമ്മച്ചെപ്പ്**

   അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു.

3. **Virtual Field Trip**

   ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.

4. **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**

   ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മസ്സിലാക്കുന്നു.

**5. പ്രകൃതി താണ്ഡവം - നേർക്കാഴ്ച**

അഗ്നി ശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാൻമാരാക്കുകയും ചെയ്യുന്നു.

**6. നന്മയുടെ നുറുങ്ങുവെട്ടം**

പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു.

**7. ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**

സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

**8. കാടെവിടെ മക്കളെ ഫ്രഫീൽഡ് ട്രിപ്പ്, സർവ്വേ)**

പരിസ്ഥിതി ചർച്ചക്ക് കാരമമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു.

**9. പുതുചക്ര വാളത്തിലേക്ക്**

മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രൂതിയിലുള്ള ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു..

കാലം

അക്കാദമിക വർഷം

ചുമതല

സാമൂഹ്യ ശാസ്ത്ര അധ്യാപകർ

## യു.പി. അടിസ്ഥാന ശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ.
2. ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക സാങ്കേതിക സാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഥനത്തിനായി പ്രയോജനപ്പെടുത്തുക.

4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

**നിശാഗന്ധി – ജൈവ വൈവിദ്യ പാർക്ക്**

ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾകൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച്കൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം.

**കണ്ടറിയാനൊരു യാത്ര**

വംശനാശ ഭീ,ണി നേരിടുന്ന സസ്യങ്ങളെ കമ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ.

**പരീക്ഷണക്കളരി**

നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.

**മാസ്റ്റർ മൈന്റ്**

ഊർജ്ജക്ലബ്ബ്, ആരോഗ്യക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.

**എക്സ്പ്ലോ – എക്സ്പ്ലോർ**

ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.

## മലയാളം ഹൈസ്കൂൾ വിഭാഗം

**ലക്ഷ്യങ്ങൾ**

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
2. കുട്ടിയെ മികച്ച വായനക്കാരനാക്കുക
3. സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ
4. ഭാഷാശേഷികളുടെ വികാസം, വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരം
5. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.
6. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക.
7. ക്ലാസ്സ് വായനമൂലയുടെ നവീകരണം
8. സാഹിത്യ ക്ലബ്ബ് രൂപീകരണം

**പഠനപ്രവർത്തനങ്ങൾ**

വാക്കുകൾ നിർമ്മിക്കുക

വാക്യങ്ങൾ നിർമ്മിക്കുക

ചിത്രം - അടിക്കുറിപ്പ്

പത്രവായന

പുസ്തകചർച്ച

വായനാനുഭവം, വായനക്കുറിപ്പ്

വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം

ദിനാചരണം

വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക

പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക

കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബോർഡിൽ ചേർക്കൽ

## HS ENGLISH

### Language Skills Development

We templement innovative ideas to develop the language skills necessary to thrive in an ever-changing world. We bring these ideas to Children, encouraging them to understand the importance of the English language and to incorporate it the their daily lives.

### Activities

- Reading, writing, speaking, listening and interactive group activites
- Read Aloud Sessions - Students take turns reading stories or news articles aloud.
- Book reviews - Student road a book and present a short review.
- Library Hour - A designated time each week to explore English books.
- Creative weiting Prompts - Encourage writting short stories, poems, or essays.
- Story telling competitions
- Listen to English stories and answer questions
- Dictation practice
- Gropu discussions
- Quiz competitions
- Organizes English Fest
- Presenting Programs in English

## എച്ച്.എസ്. ഹിന്ദി

**ലക്ഷ്യം**

1. രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു.
2. മാതൃഭാഷയെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കും

**പ്രവർത്തനങ്ങൾ**

- ❖ കഥ, വായന, കവിത വായന െന്നിവക്ക് അവസരം നൽകുന്നു.
- ❖ ലളിതമായ ഹിന്ദി കഥാബുക്കുകൾ, ചിത്രകഥകൾ ലഭ്യമാക്കുക.
- ❖ വായനകാർഡുകൾ തയ്യാറാക്കുക.

**ഹിന്ദി എഴുത്ത്**

- ❖ കോപ്പി ബുക്ക്
- ❖ ഹിന്ദി അസംബ്ലി നടത്തും

**ഹിന്ദി മത്സരങ്ങൾ**

- ❖ ഹിന്ദി കവിതാലാപനം, പഠനം, കവിതാരചന, പ്രസംഗം തുടങ്ങിയവ നടത്തും.

**ദിനാചരണങ്ങൾ**

- ❖ ഹിന്ദി ഭാഷയിൽ പ്രാധാന്യമുള്ള ദിവസങ്ങളിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും.

## എച്ച്.എസ്. സയൻസ്

**ലക്ഷ്യങ്ങൾ**

- ❖ കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം ഇവ പരിപോഷിപ്പിക്കുക
- ❖ പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുന്നു.
- ❖ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുക
- ❖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്ത.
- ❖ മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക.
- ❖ ശാസ്ത്രനേട്ടങ്ങളിൽ അഭിമാനവും ശാസ്ത്രത്തിനുവേിടി ജീവിതം സമർപ്പിച്ചവരോട് ആദരവും പുലർത്തുക.
- ❖ നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുക.
- ❖ ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യ നന്മയ്ക്കായി ഉപയോഗിക്കുക.

**പ്രവർത്തനങ്ങൾ**

**സ്കൂൾ ലബോറട്ടറി**

കുട്ടികൾ നിർമ്മിക്കുന്ന മാതൃകകളും ഉപകരണങ്ങളും ഉൾപ്പെടുത്തി ലബോറട്ടറി വിപുലീകരിക്കുന്നു.

ശാസ്ത്ര ക്വിസ്, ശാസ്ത്രമേള എന്നിവയിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

**ശാസ്ത്ര ലൈബ്രറി**

ശാസ്ത്ര വിജ്ഞാന മേഖലയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിച്ച് ശാസ്ത്ര ലൈബ്രറി മെച്ചപ്പെടുത്തുന്നു.

**ശാസ്ത്ര പ്രദർശനം**

വർഷാവസാനം കുട്ടികളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നു.

**ദിനാചരണങ്ങൾ**

ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ദിനങ്ങൾ സമുചിതമായി ആചരിക്കുന്നു.

**പഠനയാത്രകൾ**

ലാബുകൾ, ലബോറട്ടറികൾ, പാക്ടറികൾ, ബൊട്ടാണിക്കൽ ഗാർഡനുകൾ, മൃഗശാല കൾ, കൃഷി സ്ഥലങ്ങൾ മുതലായവ സന്ദർശിക്കുന്നു.

## എച്ച്.എസ്. ഗണിതം

**ലക്ഷ്യങ്ങൾ**

- ആശയ ധാരണ കൈവരിക്കൽ
- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുക.
- ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ
- നിർമ്മിതികളിലെ ശേഷി കൈവരിക്കൽ
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യ പ്പെടൽ
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോ ജനപ്പെടുത്തു.
- ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുക.

**പ്രവർത്തന പദ്ധതികൾ**

- സംഘ പഠനം - വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പഠനാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കു ന്നു.
- ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാ ക്കൽ

### ഗണിത ക്ലബ്ബ് രൂപീകരണം

- ഗണിത താല്പര്യം വർദ്ധിപ്പിക്കുന്ന രീതിയിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക. ഗണിത ക്ലബ്ബിലെ പ്രവർത്തനങ്ങൾ സജ്ജീവമാക്കുന്നു. CWSN സ്റ്റുഡൻസിനു താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

### ഐ.ടി. പരിശീലനം

- ❖ Mathpad, Cop UK, Geogibra തുടങ്ങിയ ആപ്ലിക്കേഷനുകളുടെ സഹായത്തോടെ ഗണിതം കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു.
- ❖ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് പ്രത്യേക പരിശീലനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

### പ്രതിഭാ പോഷണ പരിപാടി

- ❖ പുസ്തകത്തിൽ പുറത്തുനിന്നുള്ള ചോദ്യങ്ങൾ കണ്ടെത്തി കുട്ടികളെ പ്രത്യേക രീതിയിൽ പരിശീലിപ്പിക്കുന്നു.

### ഗണിത ശാസ്ത്രമേള

- ❖ ഓരോ ക്ലാസ്സിലെയും പ്രതിഭകളായ കുട്ടികളെ കണ്ടെത്തി പ്രത്യേക രീതിയിൽ പരിശീലനം നൽകി ഗണിത ശാസ്ത്രമേളയിൽ പങ്കെടുപ്പിക്കുന്നു.

# എച്ച്.എസ്. സോഷ്യൽ സയൻസ്

### ലക്ഷ്യങ്ങൾ

മനുഷ്യന്റെ സാമൂഹ്യജീവിതം കൈകാര്യം ചെയ്യുകയും അതിന്റെ പഠനത്തിന് ശാസ്ത്രീയ രീതി പ്രയോഗിക്കുകയും ചെയ്യുന്ന പഠനശാഖയാണ് സാമൂഹ്യശാസ്ത്രം. സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്ന സംഭവങ്ങൾ, ആശയങ്ങൾ, പ്രതിഭാസങ്ങൾ, സ്ഥാപനങ്ങൾ മുതലായവയെക്കുറിച്ചുള്ള പരസ്പര ബന്ധിതവും മനുഷ്യകേന്ദ്രീകൃതവുമായ പഠനവുമാണ് സാമൂഹ്യശാസ്ത്രം. മനുഷ്യബന്ധങ്ങൾ, സാമൂഹ്യ മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ സാമൂഹ്യശാസ്ത്ര പഠിതാക്കളിൽ വളർത്തേണ്ടതുണ്ട്. വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും സമൂഹവും പ്രകൃതിയും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണവും വിശകലനവും ഇവിടെ നടക്കണം.

സമൂഹത്തിന്റെ വികാസപരിണാമങ്ങൾ തിരിച്ചറിഞ്ഞ് സാമൂഹ്യമാറ്റത്തിനുവേണ്ടി പ്രവർത്തിക്കാൻ ആവശ്യമായ ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുക, സാമൂഹ്യബോധത്തോടെയും മാനവിക ജനാധിപത്യ ദർശങ്ങളിലൂന്നിയും പ്രവർത്തിക്കാനാവശ്യമായ ഒരു ജീവിത സംസ്കാരം വളർത്തുക എന്നിവ സാമൂഹ്യശാസ്ത്ര പഠനം സാധ്യമാക്കണം.

ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് ആവശ്യമായ പഠനാനുഭവങ്ങൾ ഓരോ വിദ്യാർത്ഥിക്കും ലഭിക്കത്തക്കവിധം ആയിരിക്കണം സാമൂഹ്യശാസ്ത്ര പഠനം ആസൂത്രണം ചെയ്യേണ്ടത്.

### പ്രവർത്തനങ്ങൾ

- ❖ **സോഷ്യൽസയൻസ് ക്ലബ്ബ്**

  ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വളരുന്നതിന് ആവശ്യമായ അനുഭവങ്ങൾ കുട്ടികൾക്ക് അനിവാര്യമാക്കുക എന്ന ലക്ഷ്യത്തോടെ സോഷ്യൽ സയൻസ് ക്ലബ്ബ് രൂപീകരിക്കുകയും സബ്ജക്ട് കൗൺസിലിന്റെയും കുട്ടികളുടെയും നേതൃത്വത്തിൽ അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു.

- **ദിനാചരണങ്ങൾ**

ദിനങ്ങളുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഓരോ മാസത്തിലെയും പ്രധാനപ്പെട്ട ദിനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വാർഷിക കലണ്ടർ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. ഓരോ ദിനവും അതിന്റെ പ്രധാന്യത്തിനനുസരിച്ച് ആചരിക്കുന്നു.

- **ലൈബ്രറി ശാക്തീകരണം**

ചരിത്രപുസ്തകങ്ങൾ,യാത്രാവിവരണങ്ങൽ, ജോർണൽസ്, മറ്റ് അനുബന്ധ പുസ്തകങ്ങൾ ശേഖരിച്ച് വിതരണം നടത്തുന്നു.

- **സാമൂഹ്യ ശാസ്ത്ര ലാബ് വിപുലീകരണം**

ഭൂപടങ്ങൾ, മാതൃകകൾ, പട്ടികകൾ, ഗ്രാഫുകൾ, ചിത്രങ്ങൾ, ഉദ്ധരണികൾ,ചരിത്ര ശേഷിപ്പുകൾ മുതലായവയുടെ ശേഖരങ്ങൾ വിപുലപ്പെടുത്തുന്നു.

- **ബുള്ളറ്റിൻ ബോർഡ് നിർമ്മാണം**

ശേഖരിക്കുന്ന ചിത്രങ്ങൾ, പട്ടികകൾ,ഗ്രാഫുകൾ, വാർത്തകൾ മുതലായവയെല്ലാം ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു.

- **പ്രതിഭാപോഷണ പരിപാടി**

ഓരോ ക്ലാസ്സിലെയും പ്രതിഭകളായവരെ കണ്ടെത്തി അവർക്കായി ക്വിസ്, പ്രതിഭാ സംഗമം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു. കലാരംഗത്തും കായികരംഗത്തും മികവ് തെളിയിച്ചവരെ സ്കൂളിൽ ആദരിക്കുകയും അവരുടെ വിജയ രഹസ്യങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കാൻ അവസരം ഒരുക്കുകയും ചെയ്യുന്നു.

- **മാഗസിനുകൾ, ചുമർചിത്രങ്ങൾ, പതിപ്പുകൾ**

ക്ലാസ്സുകളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ചുമർ പത്രികകൾ രൂപപ്പെടുത്തുന്നു.

- **ഭൂപടവിശകലനം**

ഭൂമിശാസ്ത്രവും ചരിത്രവുമായി ബന്ധപ്പെട്ട ആശയരൂപീകരണവും ഭൂപടങ്ങൾ വിശകലനം ചെയ്യുന്നത് അത്യന്താപേക്ഷിതമാണ്. വിവിധ ഭൂപടങ്ങൾ മനസ്സിലാക്കി ഭൂപടനിർമ്മാണത്തിന് അവസരമൊരുക്കുന്നു.

- **പ്രോജക്ട്**

ക്ലാസ്സ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി സ്വാഭാവികമായി വന്നു ചേരുന്ന പ്രശ്നം ശാസ്ത്രീയമായ ഘട്ടങ്ങളിലൂടെ പൂർത്തിയാക്കുന്നു.

- **സെമിനാർ**

പഠനവിഷയവുമായി ബന്ധപ്പെട്ട അനുയോജ്യമായ വിഷയങ്ങളിൽ സെമിനാർ അവതരണം സംഘടിപ്പിക്കുന്നു.

❖ **പഠനയാത്ര**

നേരനുഭവം ലഭിക്കുന്നതിന് അനുയോജ്യമായ പഠനതന്ത്രമായ പഠനയാത്രയ്ക്ക് അവസരം ഒരുക്കുന്നു.

❖ **യൂണിറ്റ് ടെസ്റ്റ്**

ഓരോ യൂണിറ്റിലെയും പഠിതാവിന്റെ പഠനത്തെ വിലയിരുത്തുന്നതിനായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു.

❖ **നിരന്തര വിലയിരുത്തൽ**

കുട്ടികളുടെ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, ചെയ്യുന്നതിലെ മികവ്, ഗ്രൂപ്പിലെ ഇടപെടൽ, ആശയങ്ങൾ പങ്കുവയ്ക്കൽ എന്നിവ വിലയിരുത്തപ്പെടുന്നു.

❖ **ICT സാധ്യത**

കുട്ടികൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം സൗകര്യപ്രദമാക്കുന്നതിലൂടെ പഠനം ലളിതവും സുതാര്യവുമാകുന്നു. ഉദാ: ആനുകാലിക സംഭവങ്ങൾ, സ്കൂൾ പാർലമെന്റ് ഇലക്ഷൻ, പഠനാനുബന്ധ പ്രവർത്തനങ്ങൾ എന്നിവ അനുഭവവേദ്യമാകുന്നു.